
ഇലയനക്കങ്ങൾ

# ഇലയനക്കങ്ങൾ

വാക്കുകൾ നാവിൽ നിന്നും കാതുകളിലേക്ക് പകർന്ന് തേനരുവികൾ തീർത്തിരുന്ന ഭാഷയുടെ ശൈശവകാലത്തുനിന്നും ഏറെ പറന്നുയർന്നു കഴിഞ്ഞിരിക്കുന്നു. അച്ചടിയുടെ അനന്തമായ ഭൂമികയിൽ ഗ്രന്ഥങ്ങളുടെ തങ്കത്താളുകളിൽ സർഗ്ഗാത്മകതയുടെ പനിനീർപുഷ്പങ്ങൾ ഇതൾവിരിഞ്ഞു പരിമളം പരത്തി. നാം ജ്ഞാനോദ്യാനങ്ങളിൽ വസന്തരാഗങ്ങൾ മീട്ടി ഉല്ലസിച്ചു അക്ഷരങ്ങൾക്ക് ചിറകുമുളച്ചു. മേഘരാഗങ്ങൾ പാടി പഞ്ചവർണ്ണക്കിളികളായി അവ ആകാശനീലിമയിൽ പറന്നുപാറി.

സാഹിത്യം വിരൽത്തുമ്പിൽ വിടർന്നു വരുന്നു. ശിലാലിഖിതങ്ങളിൽ അമർന്നുകിടന്നിരുന്ന കാവ്യങ്ങൾ ഇലക്ട്രോണിക് റീഡിങ്ങിന്റെ സീമകൾക്ക് കീഴടങ്ങാതെ ആകാശഗംഗകളും കടന്ന് ഉല്ലസിക്കുന്നു. മനുഷ്യഭാവനയ്ക്കും അതീതമായി വിസ്തൃതമായ സൈബർ യുഗം രചനകൾക്ക് രംഗവേദിയൊരുക്കുന്നു.

വിദ്യാലയത്തിന്റെ അകത്തളങ്ങളിൽ ചിറകു വിടർത്തിയ കുരുന്നു ഭാവനകൾ കഥകളും കവിതകളും ചിത്രങ്ങളുമായി വടിവൊത്ത് അക്ഷരങ്ങളിൽ പാറിപ്പറന്ന് കൈയെഴുത്ത് മാസികകളായി പിറവിയെടുത്തിരുന്നു. ഇന്നിതാ അവയും ആകാശപ്പൂക്കളായി വിരിയുന്നു. ആ മധുരസ്പന്ദനങ്ങൾ ഇലയനക്കങ്ങളായി പുഞ്ചിരിക്കുകയാണ്.

ഈ ഇലക്ട്രോണിക് മാസികയിൽ ഞങ്ങൾക്ക് തളിർക്കാനും പൂക്കാനും തടമൊരുക്കിയ എല്ലാ അധ്യാപകരെയും ഞങ്ങളുടെ പ്രിയ ട്രീസ ടീച്ചറെയും കൃതജ്ഞതയോടെ ഓർമിച്ചുകൊണ്ട് വായനക്കാർക്കുവേണ്ടി സമർപ്പിക്കുകയാണ് ഈ 'ഇലയനക്കങ്ങൾ'. ഓരോ തളിരും ഓരോ മനസ്സാണ്; ഓരോ സ്വപ്നമാണ്; മോഹമാണ്. മഴവിൽ വർണങ്ങളിൽ വിടർന്നു പടർന്ന് തണലേകാനുള്ള കുതിപ്പാണ്. ഞങ്ങളെ സ്വീകരിക്കുക.

പത്രാധിപസമിതി

# ഉള്ളടക്കം


- സൗഹൃദം — ആൻവിൻ ആന്റണി
- കടൽക്കരയിൽ ഒരു പെൺകുട്ടി — സഫ്നമോൾ വി എസ്
- മാനവേദൻ സാമൂതിരിയും കൃഷ്ണനാട്ടവും — ആതിര ഗിരീഷ്
- കൽവത്തിപ്പള്ളി — മുഹമ്മദ് ഹാറൂൺ
- ബഷീർദിന ക്വിസ് — നിത്യ എ
- സാങ്കേതികവിദ്യാകാലത്തെ സാഹിത്യം — നബീൽ നവാസ്
- ചിത്രം — അഭയ് ജോസഫ്
- എന്റെ വായന — സ്മിത അരവിന്ദ്
- കൊച്ചനിയത്തി — ആൻ റബേക്ക പി ജെ
- ചിത്രം — പ്രണവ് സി എം

# സൗഹൃദം



കൂടെ പിറന്നില്ലെങ്കിലും
കൂടെ പിറന്നവരെന്നു തോന്നിക്കും,
കരയിച്ച പ്രണയത്തേക്കാൾ
ചിരിപ്പിക്കുന്നൂ സൗഹൃദം.
പറഞ്ഞു വന്ന ജീവിതവും
പറയാതെ വന്ന മരണവും
അറിഞ്ഞു വന്ന ദേഷ്യവും
അറിയാതെ വന്ന ഇഷ്ടവും
അറിഞ്ഞും അറിയാതെയും വന്ന സൗഹൃദവും
സന്തോഷിക്കാനും സങ്കടപ്പെടാനും
മരിക്കാനും തയാറാകുന്ന ഒരേയൊരു ബന്ധം,
ജീവിക്കുന്നതിനേക്കാൾ
മരിക്കുന്നത് നല്ലത് എന്നു വിശ്വസിക്കുന്ന ചിലരെ
തിരുത്തുന്നതും സൗഹൃദം
എല്ലാം വാങ്ങാനും കൊടുക്കാനും
തരാനും കഴിയുന്ന സൗഹൃദം
ജീവിതത്തിൽ വെറുപ്പും ഇഷ്ടവും തോന്നുന്ന
പൊട്ടാത്ത ചരടാണ് സൗഹൃദം

ആൻവിൻ ആന്റണി

കടൽക്കരയിൽ ഒരു പെൺകുട്ടി



അവളുടെ മുഖത്ത് ദിശയറിയാതുള്ള ഒരു ഭാവമാണ് കാണാൻ കഴിയുന്നത്. ഒരു നാട്ടിൻപുറത്തുകാരിയുടെ വേഷമാണവൾക്ക് പാവാടയും ബ്ലൗസും അണിഞ്ഞു കാണുന്ന അവൾക്ക് ഏതാണ്ട് പതിനെട്ട് വയസ്സ് പ്രായം വരും. കാതിൽ ചെറിയൊരു കമ്മലും നെറ്റിയിൽ വട്ടത്തിലുള്ളോരു ചുവന്നപൊട്ടും തൊട്ടിട്ടുണ്ട്. കഴുത്തിൽ കറുത്ത ഒരു ചരടിൽ ഏലസ്സാണ് അണിഞ്ഞിട്ടുള്ളത്.

അവളുടെ മുഖത്ത് ദേഷ്യവും സങ്കടവും മാറിമാറി വരുന്നുണ്ട്. ഇനി എങ്ങോട്ടെന്നറിയാതെ മനസ്സിടറി മുഖം വിളറി കുഴങ്ങിനിൽക്കുകയാണെന്നു തോന്നും അവളുടെ നിൽപ്പു കണ്ടാൽ. അവളെ വലം വച്ച് കുറേ കാക്കകൾ പറക്കുന്നു. തിരമാലകളുടെ ശക്തി കൂടിക്കൂടിവരുന്നു. ആകാശമാകെ ഇരുണ്ടുവരുന്നു. അവൾ നിൽക്കുന്ന തീരത്തിനും ആ ഇരുളിമപടരുന്നു. അൽപം ദൂരെ ഒരു കപ്പലണ്ടി വിൽപ്പനക്കാരൻ കപ്പലണ്ടിവറുക്കുന്ന മുഴങ്ങുന്ന ശബ്ദം അവൾക്കുകേൾക്കാം.

അച്ഛനും അമ്മയും മരിച്ചുപോയ അവളെ ബന്ധുക്കളും ഏതാണ്ട് ഉപേക്ഷിച്ചമട്ടാണ്. ഒറ്റപ്പെട്ടുപോയ വൾ എങ്ങോട്ടു പോകണമെന്നറിയാതെ ആ തീരത്തു നിൽക്കുകയാണവൾ. ഉച്ചതിരിഞ്ഞപ്പോൾ എത്തിയതാണ് അവൾ ആ കടൽക്കരയിൽ. ഇപ്പോൾ സമയം സന്ധ്യയാകാറായി. ആരുമില്ലാതെ, ആരും സംരക്ഷിക്കാൻ ഇല്ലാതെ ബന്ധുക്കൾ തള്ളിപ്പറഞ്ഞ് അനാഥയായി തീർന്നവൾ. അച്ഛനും അമ്മയും ഉണ്ടായിരുന്നപ്പോൾ സ്നേഹം കാണിച്ചവരെല്ലാം അവർ നഷ്ടപ്പെട്ടപ്പോൾ അവളോടു ക്രൂരമായി പെരുമാറി. അച്ഛനും അമ്മയും നഷ്ടപ്പെട്ടാൽ ഒരു പെൺകുട്ടി ഈ സമൂഹത്തിൽ എന്തൊക്കെ നേരിടേണ്ടിവരും എന്ന് അനുഭവിക്കുകയാണവൾ.

കാക്കകൾ കലഹമിട്ടു പറന്നു. പരുന്തുകൾ കടലിനു ചുറ്റും വലം വയ്ക്കുന്നു. സൂര്യൻ ഇതാ പകുതി കടലിൽ മുങ്ങിയിരിക്കുന്നു. ആ ചുവന്ന നിറം അവളുടെ കണ്ണിൽ തീക്കനലുകളായ് ജ്വലിച്ചു. വിജനമാണ് ആ തീരം. അവളുടെ കണ്ണുകളിൽ കണ്ണീർ തുളുമ്പി. അവൾ മെല്ലെ കടലിലേക്ക് ഇറങ്ങി. അച്ഛനും അമ്മയും ഇല്ലാതെ ഒറ്റയ്ക്ക് പ്രായപൂർത്തിയായ ഒരു പെൺകുട്ടിക്ക് ഈ ലോകത്ത് ജീവിക്കാനാവില്ല എന്ന് അവളുടെ അനുഭവങ്ങൾ അവളെ പഠിപ്പിച്ചു. ആരോടും പരിഭവവും പരാതിയുമില്ലാതെ എല്ലാം ഈശ്വരനു സമർപ്പിച്ച് അവൾ യാത്രയാവുകയാണ്. അവൾ കടലിന്റെ ആഴങ്ങളിലേക്ക് മെല്ലെ ഇറങ്ങി. അകലെ അസ്തമിക്കുന്ന സൂര്യനോടൊപ്പം അവളും പതിയെപ്പതിയെ കടലിന്റെ ഇരുട്ടിലേക്ക് മാഞ്ഞു.

സഫ്ന മോൾ വി എസ്

# മാനവേദൻസാമൂതിരിയും കൃഷ്ണനാട്ടവും



കോഴിക്കോട് സാമൂതിരി രാജാവായിരുന്ന മാനവേദൻ രചിച്ച ദൃശ്യകാവ്യമാണ് കൃഷ്ണ ഗീതി. ശ്രീമദ്ഭാഗവതം ദശമസ്കന്ധത്തിലെയും ഏകാദശ സ്കന്ധത്തിലെയും കഥകളാണതിൽ പ്രതിപാദിച്ചിട്ടുള്ളത്. കൃഷ്ണഗീതിയുടെ രംഗാവതരണരൂപമാണ് കൃഷ്ണനാട്ടം. ഗുരുവായൂർ ക്ഷേത്രത്തിൽ മാത്രമാണ് കൃഷ്ണനാട്ടം എന്ന ദൃശ്യകലാരൂപം നിനനിന്നു പോന്നിരുന്നത്. ദേവസ്വത്തിനു കീഴിൽ നിരവധി കലാകാരന്മാർ ഉൾക്കൊള്ളുന്ന കൃഷ്ണനാട്ടം കളരിതന്നെയുണ്ട്. അത്താഴപൂജയ്ക്കുശേഷം ഗുരുവായൂർ ക്ഷേത്രത്തിന്റെ വടക്കേ പ്രദക്ഷിണവഴിയിൽ കൃഷ്ണനാട്ടം അവതരിപ്പിക്കുന്നു. കൃഷ്ണനാട്ടം കണ്ടശേഷമേ ഗുരുവായൂരപ്പൻ ഉറങ്ങുകയുള്ളൂ.

സിദ്ധനായ ശ്രീവില്വമംഗളംസ്വാമിയാർക്ക് ശ്രീകൃഷ്ണഭഗവാനെ നേരിട്ടു കാണാനും സംസാരിക്കാനും കഴിയുന്നുണ്ടെന്ന് മനസ്സിലായപ്പോൾ ഒരിക്കലെങ്കിലും ഭഗവാനെ ദർശിക്കണമെന്ന് രാജാവിന് ആഗ്രഹം തോന്നി. വളരെ അടുപ്പമുണ്ടായിരുന്ന സ്വാമിയാരോടു ആഗ്രഹമറിയിച്ചു. ഭഗവാനെ നേരിട്ടു ദർശിക്കുവാൻ രാജാവിനു സമയമായിട്ടില്ലെന്നറിഞ്ഞ സ്വാമിയാർ ഒരിക്കൽ ഭഗവാനെ കാണിച്ചുകൊടുക്കാമന്നുപറഞ്ഞ് രാജ്വിനെ സമാധാനിപ്പിക്കുമായിരുന്നു. എന്നാൽ ദർശനത്തിനെത്തുമ്പോഴൊക്കെ രാജാവ് വില്വമംഗലസ്വാമിയാരോട് തന്റെ ആഗ്രഹം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ ഒരുനാൾ രാജാവിനെ ദീപാരാധന തൊഴുവാനായി ക്ഷണിച്ചു. വില്വമംഗലസ്വാമിയാരെപ്പോലെ തനിക്കും ഭഗവാനെ നേരിട്ടു കാണുവാൻ കഴിയുമെന്നറിഞ്ഞ രാജവ് സന്തോഷം കൊണ്ട് മതിമറന്നു. അമ്പാടികണ്ണനെ മനമുരുകി പ്രാർത്ഥിച്ചുകൊണ്ട് നടതുറക്കുന്നത് കാത്തു നിന്നു. മണിയടിയും മന്ത്രോച്ചാരണങ്ങളുമായി ശ്രീകോവിലിന്റെ നട തുറന്നപ്പോൾ അലൗകീകമായ പ്രകാശത്തോടെ കണ്ണന്റെ പൊട്ടിച്ചിരിയും കാൽത്തളക്കിലുക്കവും കേട്ട് കോരിത്തരിച്ചു നിന്നുപോയ രാജാവ് ഭഗവാന്റെ കുഞ്ഞിളംകൈ പുറത്തേക്കു

നീളുന്നതു കണ്ട് ഭക്തപാരവശ്യത്തോടെ ഭഗവാനെ വാരിപ്പുണരാൻ ശ്രമിച്ചു. പൊട്ടിച്ചിരികൾക്കും പൊന്നേലസകിലുക്കത്തിനുമിടയിൽ കുഞ്ഞിളം ചുണ്ടിൽ നിന്ന് ഉതിർന്നു വീണ നറുമൊഴിമുത്തുകൾ രാജാവിനോടൊപ്പം സ്വാമിയാരും കേട്ടു ''അങ്ങനെ ചെയ്യണമെന്ന് വില്വമംഗലം എന്നോട് പറഞ്ഞിരുന്നില്ലല്ലോ രാജൻ'' ആ സമയം ഭഗവാൻ അപ്രത്യക്ഷനായി ഭഗവാനെ പൂർണ്ണമായി ദർശിക്കുവാൻ സമയമാകുന്നതിനു മുമ്പ് തിടുക്കം കൂട്ടിയപ്പോൾ മാനവേദൻ സാമൂതിരിരാജാവിന്റെ ഭഗവദ്ദർശനം അപൂർണ്ണമായി. കുഞ്ഞിളംകൈ കാണാനും പൊട്ടിച്ചിരിയും അശരീരിയും കേൾക്കാനും മാത്രമേ രാജാവിന് ഭാഗ്യമുണ്ടായുള്ളു. ആ സമയം ഭഗവാന്റെ പീലിതിരുമുടിക്കെട്ടിൽ നിന്നും അടർന്നു വീണ മയിൽപ്പീലി തണ്ട് തൃപ്പടിയിൽ നിന്നും രാജാവ് കൈയ്യിലെടുത്തു സൂക്ഷിച്ചു. ആ മയിൽപ്പീലി ഉപയോഗിച്ചാണ് പിന്നീട് കൃഷ്ണനാട്ടത്തിൽ ഭഗവാന്റെ കിരീടമുണ്ടാക്കിയതെന്നു പറയപ്പെടുന്നു. എന്നാൽ ഇന്നത്തെ കൂത്തമ്പലം നിൽക്കുന്ന സ്ഥലത്ത് ഒരു വലിയ ഇലഞ്ഞിമരം നിന്നിരുന്നു. ഈ ഇലഞ്ഞിമരത്തിന്റെ ചുവട്ടിൽ വച്ച് വില്വമംഗലസ്വാമിയാരുടെ സഹായത്തോടെ മാനവേദൻ സാമൂതിരി രാജാവ് ഭഗവാനെ ദർശിച്ചു അത്രെ. സ്വയം മറന്ന സാമൂതിരി ഭഗവാനെ വാരിപ്പുണരാൻ ശ്രമിച്ചപ്പോൾ ഭഗവാൻ അപ്രത്യക്ഷനായി എന്നും ആ സമയം ഭഗവാന്റെ കിരീടത്തിൽ നിന്നും സാമൂതിരിക്ക് താഴെ വീണുകിട്ടിയ പീലി ഉപയോഗിച്ച് കൃഷ്ണനാട്ടത്തിലെ കിരീടം ഉണ്ടാക്കിയെന്നും മറ്റൊരു ഐതീഹ്യം

കൃഷ്ണനാട്ടം രൂപപ്പെടുത്തുന്നതിൽ മാനവേദൻ തമ്പുരാൻ കൂടിയാട്ടം, തെയ്യം എന്നീ പ്രാചീന കലാരൂപങ്ഘളേയും കൂടാതെ ജയദേവകവിയുടെ ഗീതീഗോവിന്ദത്തേയും അവലംബമാക്കിയിട്ടുണ്ട്. ഗീതാഗോവിന്ദത്തിന്റെ ദൃശ്യരൂപമായ അഷ്ടപദിയാട്ടവും ഈ കലാരൂപത്തെ സ്വാധീനിച്ചു കാണുന്നു. ഗൂതീഗോവിന്ദത്തിലെന്നപോലെ ഇതിലെയും സംഗീതം കർണ്ണാടക സംഗീതരാഗങ്ങളിൽ സോപാനരീതിയിലാണ് ആലപിക്കുന്നത്. എട്ട് ദിവസം കൊമ്ട് അവതരിപ്പിക്കാൻ കഴിയുന്ന വിധം കൃഷണാവതാരം, കായളിയമർദ്ദനം, രാസക്രീഡ, രുഗ്മീണീ സ്വയംവരം, ബാണയുദ്ധം. വിവിദവധം, സ്വർഗ്ഗാരോഹണം തുടങ്ങഅങിയ എട്ടു ഭാഗങ്ങളായാമ് കൃഷ്മഗീതി രചിച്ചിട്ടുള്ളത്. കേരളത്തിലെ പ്രധാന വാദ്യോപകരണമായ ചെണ്ട ഇതിൽ ഉപയോഗിക്കുന്നില്ല. ഇടയ്ക്കയും , ശുദ്ധമദ്ദളവും തൊപ്പിമദ്ദളവും ചേങ്ങിലയുമാണ്കൃഷ്മനാട്ടത്തിൽ ഉപയോഗിക്കുന്ന പ്രധാന വാദ്യോപകരണങ്ങൾ. പച്ച, കത്തി, കരി, താടി, എന്നിങ്ങനെ കഥകളിയിൽ പ്രസിദ്ധമായ എല്ലാ വേഷങ്ങളും കൃഷ്ണനാട്ടത്തിലുണ്ട്. കവിളത്തും മൂക്കത്തും ചുവന്ന പൊട്ടുതൊട്ട രൂപങ്ങൾക്കാണ് കൃഷ്ണനാട്ടത്തിൽ കത്തി എന്നു പറയുന്നത്. കംസൻ, വാസുദേവൻ, എന്നിവർക്കു പച്ചവേഷം. സാന്തൂോോീപലി, നാരദൻ തുടങ്ങിയവർക്കും സ്ത്രീകയൾക്കും മിനു

ക്ക്, ഭൂമിദേവി, സത്യഭാമ, യശോദ തുടങ്ങിയ പ്രധാന സ്ത്രീവേഷങ്ങൾക്ക് പച്ചതേച്ച് ചുട്ടി കുത്തുന്നു. മുഖംമൂടി ധരിക്കുന്ന വേഷങ്ങൾ നൃത്തപ്രാധാനമാണ്. അഭിനയ പ്രാധാനങ്ങളല്ല. ഭക്തിരസപ്രദാനമായ ഒരു നൃത്തരൂപമാണ് കൃഷ്ണനാട്ടം. കഥകളിയിലേതു പോലെ പദാർത്ഥം വാക്കിന് വാക്കിന് മുദ്ര കാണിച്ച് അഭിനയിക്കുന്ന രൂതി കൃഷ്ണനാട്ടത്തിനില്ല. അവതാരം, രാസ ക്രീഡ എന്നീ കഥകളിലുള്ള മുല്ലപ്പൂ ചുറ്റൽ കാളീയമർദ്ദനത്തിലെ കാളീയമർദ്ദനനൃത്തം തുടങ്ങി യവ വളരെ മനോഹരോമാണ്. കൃഷ്ണനാട്ടത്തിൽ ചുട്ടിക്കുത്തുന്നത് കഥകളിയിലേതു പോലെ കിടന്നിട്ടല്ല, ഇരുന്നിട്ടാണ്. അരിമാവു കൊണ്ടല്ലാതെ കടലാസുകൊണ്ട് ചുട്ടിയുണ്ടാക്കുക തുട ങ്ങിയ പരിഷ്കാരങ്ങളൊന്നും കൃഷ്ണനാട്ടത്തിൽ സ്വീകരിച്ചുതുടങ്ങയിട്ടില്ല. അരങ്ങത്തും അണി യറയിലും പഴയചിട്ടകളെല്ലാം എല്ലാം ഇന്നും അതേപടി നിലനിന്നുപോരുന്നുണ്ട്. രാത്രി 9.15 ന് തൃപ്പൂക കഴിഞ്ഞ് നട അടച്ചാൽ ചോവ്വാഴ്ച ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും ഉദാത്തമായ ഒരു ദൃശ്യകലാരൂപമായ കൃഷ്ണനാട്ടം ക്ഷേത്രത്തിൽ ഭക്തന്മാരുടെ വകയായും അവതരിപ്പിച്ചു പോരുന്നു. സ്വർഗ്ഗാരോഹണകഥ അവതരിപ്പിക്കുന്ന ദിവസങ്ങളിൽ അവതാരവും കൂടി അവതരി പ്പിക്കുന്ന പതിവുണ്ട്.

എന്നാൽ ഒരു ദിവസം ക്ഷേത്രത്തിൽ കളിനടക്കുന്ന സമയത്ത് കൃഷ്ണനായി വേഷം കെട്ടിയ കുട്ടി അിറയാതെ ഉറങ്ങിപ്പോയി കഥാസന്ദർങത്തിനനുസരിച്ച് മറ്റൊരു കൃഷ്ണൻ വന്ന് രംഗത്ത് അഭിനയിക്കുകയും ചെയ്തു. വേഷം കെട്ടിയ കുട്ടി ഞെട്ടിയുണർന്ന് രംഗത്തെത്തിയ പ്പോഴേക്കും കളികഴിഞ്ഞിരുന്നു. ഗുരുവായൂരപ്പൻ കൃഷ്ണനാട്ടത്തിൽ കൃഷ്ണനായി വേഷംകെ ട്ടിയാടിയത് എല്ലാവരും അറിയുന്നതിനു മുമ്പേ ഭഗവാൻ രംഗംവിട്ടു കഴിഞ്ഞിരുന്നു. വേഷംകെട്ടി അറിയാതെ ഉറങ്ങിപ്പോയ കുട്ടിയ്ക്ക് പകരക്കാരനായ് ആ വേഷത്തിലെത്തിയത് കൊണ്ട് ആർക്കും ഭഗവാനെ തിരിച്ചറിയാനായില്ല. ഉറങ്ങിപ്പോയ കുട്ടിയെ ഉണർത്തേണ്ടെന്നു കരുതി യാവാം കരുണാമയനായ ഭഗവാൻ തന്നെ അരങ്ങിലെത്തിയത്. എല്ലാം മായക്കണ്ണന്റെ അത്ഭുത ലീലകൾ.

മാനവേദൻ സാമൂതിരി രാജാവ് കൃഷ്ണനാട്ടം എന്ന ക്ഷേത്രകലയ്ക്ക് ആധാരമായ കൃഷ്ണഗീതി എന്ന സംസ്കൃതകാവ്യം രചിച്ച ഭഗവാവന് സമർപ്പിച്ചത് ഒരു തുലാമാസം മുപ്പ താംതീയതിയാണ്. ഭക്താഗ്രണിയായ മാനവേദൻ സാമൂതിരി രാജാവിന്റെ സ്മരണാർത്ഥം എല്ലാ വർഷവും തുലാം മുപ്പത് ഗുരുവായൂർ ക്ഷേത്രത്തിൽ കൃഷ്ണഗീതി ദിവസമായി ആഘോഷിച്ചു വരുന്നു.

# കൽവത്തി പള്ളി



കൊച്ചിയിലെ ഇസ്ലാം ചരിത്രത്തിന്റെ കഥകളുറങ്ങുന്ന കൽവത്തി പള്ളി പരമ്പരാഗത കേരള വാസ്തുകലാ മാതൃകയിൽ നിർമ്മിക്കപ്പെട്ട ഒരു ദേവാലയമാണ്. പള്ളിക്കു മധ്യത്തിലായി നിർമ്മിക്കപ്പെട്ട ജലസംഭരണിയും പ്രാചീനമാതൃകയ്ക്കു നിദർശനമത്രെ. ഇന്ത്യയിൽ ആദ്യമായി വ്യാപാരത്തിനു വന്ന വിദേശികളാണ് അറബികൾ. കേരളത്തിൽ വ്യാപാരത്തിനു വന്ന അറബികൾ കൊച്ചിയിലും എത്തി. അവർ തങ്ങളുടെ വ്യാപാരത്തിനിടയിൽ നമസ്കാരം നിലനിർത്താൻ കൽവത്തി പള്ളിയേയാണ് ആശ്രയിച്ചിരുന്നത് എന്നതിനു ചരിത്രപരമായ തെളിവുകൾ ഉണ്ട്. പൗരാണിക കൊച്ചിയുമായി വാണിജ്യത്തിലേർപ്പെട്ട അറബികളുടെ സംഭാവനയാണ് കൽവത്തിപള്ളി. ഒഴിഞ്ഞ സ്ഥലം എന്ന അർഥമുള്ള ഹൽവത്ത് എന്ന അറബിപദമാണ് പിന്നീട് കൽവത്തി എന്നായി തീർന്നത്.

പതിനാലാം നൂറ്റാണ്ടിലാണ് കൽവത്തി പള്ളി പണിതത്. ഈ കാലഘട്ടത്തിൽ വ്യാപാരികൾ ധാരാളമായി കൊച്ചിയിലും പരിസരപ്രദേശത്തും എത്താറുണ്ടായി രുന്നു. അവർക്കു നമസ്ക്കരിക്കുന്നതിനു വേണ്ടി 1394- ലാണ് പള്ളി പണിതത്. 619 വർഷമായി നമസ്ക്കാരം നിലനിർത്തിവരികയാണ് ഈ പള്ളിയിൽ എന്നതിനു അനവധി രേഖകൾ സാക്ഷ്യം നിൽക്കുന്നു.

പള്ളിയുടെ പടിഞ്ഞാറുഭാഗത്തു സ്ഥിതിചെയ്യുന്ന കൽവത്തി എന്ന പ്രദേശമാണ് ഈ ദേവാലയത്തിനു കൽവത്തിപ്പള്ളി എന്ന നാമകരണം ചെയ്യാൻ ഇടയാക്കിയത്. ജമ-അത്ത് പള്ളി എന്നും ഈ ദേവാലയം അറിയപ്പെടുന്നു.

കൽവത്തിപ്പള്ളി ഇന്നും അതിന്റെ പ്രാചീന മാതൃക തന്നെ നിലനിർത്തുന്നു. വിശ്വാസികളെ കൂടുതൽ ഉൾക്കൊള്ളാൻ ഇന്നു കൽവത്തിപ്പള്ളി രണ്ടു നിലകൾകൂടി തീർത്തിരിക്കുന്നു . കൽവത്തിപ്പള്ളി ഇന്നത്തെ നിലയിൽ പരിപാലിച്ചു പോരുന്നതിൽ പ്രധാന പങ്കു വഹിച്ചത് മുഹമ്മദലി മുസ്ല്യാർ ആണ്. അദ്ദേഹം പള്ളിയിൽ തന്നെ താമസിച്ച് അതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചു പോന്നു. അപൂർവങ്ങളായ ഒട്ടനവധി വൃക്ഷങ്ങൾ ദെവാലയ പരിസരത്തു നട്ടുവളർത്തിയതും അദ്ദേഹത്തിന്റെ നേതൃ ത്വത്തിലാണ്. 1940ന്റെ അവസാനത്തിൽ സർവശ്രീ ടി.കെ പരീക്കുട്ടി, അബ്ദുൽ റഹീം കുട്ടിമൂപ്പൻ, പൂവത്ത് ഹസ്സൻ, വി. കെ ഹംസ, മുഹമ്മദ് കോയ തുടങ്ങിയവരുടെ നേ തൃത്വത്തിൽ പ്രവർത്തക കമ്മിറ്റിക്കു രൂപം നൽകി. അതിന്റെ പ്രസിഡന്റ് ശ്രീമാൻ പൂവത്ത് ഹസ്സൻ ആയിരുന്നു. പള്ളിയുടെ കാര്യക്ഷമമായ പ്രവത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കലായിരുന്നു ഈ കമ്മിറ്റിയുടെ പ്രധാന ചുമതല.

ഏതാനും വർഷം മുമ്പവരെ പള്ളിക്കാര്യങ്ങൾ നോക്കിനടത്താനുള്ള ചുമതല പൂവത്തു കുടുംബത്തിനു തന്നെയായിരുന്നു. പൂവത്തു കുടുംബത്തിലെ ശ്രീ.പരീമൂപ്പൻ, അബ്ദുറഹിമാൻ കുട്ടിമൂപ്പൻ, ബാവാമൂപ്പൻ മുതൽപ്പേർ ഈ കർമ്മം നിർവഹിച്ചവരിൽ പ്രധാനികളാണ്, കൽവത്തി പള്ളിക്കു സമീപം അനവധി മുസ്ലിം ദേവാലയങ്ങൾ ഉണ്ടെങ്കിലും പള്ളിക്കു ചുറ്റുമുള്ള തുറന്ന പള്ളിസ്ഥലം ഇതിനെ വ്യത്യസ്തമാക്കുന്നു . കബറിടമായി ഇതു എല്ലാ ഇസ്ലാമതവിശ്വാസികൾക്കും തുറന്നുകൊടുക്കപ്പെട്ടിരിക്കുന്നു. വിനോദ സഞ്ചാരമേഖലയായി ഫോർട്ടുകൊച്ചി പേരെടുത്തുവെങ്കിലും ഇവിടുത്തെ സെന്റ് ഫ്രാൻസിസ് ദേവാലയവും ജൂതപ്പള്ളിയും മറ്റും സന്ദർശിച്ചു മടങ്ങുന്ന സഞ്ചാരികൾ ഈ ദേവാലയത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതിനാൽ മറന്നുപോകുന്നു.

**മൊഹമ്മദ് ഹാറൂൺ ക്ലാസ്സ് 10**

## ബഷീർദിന ക്വിസ്



1. 'ബഷീർ മലയാളത്തിന്റെ സർഗ്ഗവിസ്മയം' ഒരു ഇന്ത്യൻ ഭാഷയിൽ ഒരു വിദേശി ഒരു ഇന്ത്യൻ എഴുത്തുകാരനെക്കുറിച്ച് രചിച്ച ആദ്യപുസ്തകം. ആരാണ് രചയിതാവ്? **റൊണാൾഡ് ഇ ആഷർ**
2. ബഷീറിന്റെ ആകാശങ്ങൾ എന്ന പുസ്തകം എഴുതിയതാര്? **പെരുമ്പടവം ശ്രീധരൻ**
3. 'ജീവിതത്തിൽ നിന്ന് വലിച്ചു ചീന്തിയ ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു' ബഷീറിന്റെ ഏതു കൃതിയെക്കുറിച്ചാണ് എം. പി പോൾ ഇങ്ങനെ വിശേഷിപ്പിച്ചത്? **ബാല്യകാലസഖി**
4. വൈക്കം മുഹമ്മദ് ബഷീറിന്റെ ആദ്യകൃതി? **പ്രേമലേഖനം 1942**
5. ബഷീർ രചിച്ച ബാലസാഹിത്യകൃതി ഏത്? **സർപ്പയജ്ഞം**
6. മൂക്ക് കേന്ദ്രകഥാപാത്രമായ ബഷീർ കൃതി ഏത്? **വിശ്വവിഖ്യാതമായ മൂക്ക്**

7. മമ്മൂട്ടിക്ക് ദേശീയ അവാർഡ് നേടിക്കൊടുത്ത ഒരു ബഷീർ കൃതിയുടെ ചലച്ചിത്രാവിഷ്കാരം? **-മതിലുകൾ 1990.**
8. ഭാർഗ്ഗവീനിലയം എന്ന സിനിമയിലെ ഹാസ്യനടൻ പദ്മദലാക്ഷന്റെ പ്രസിദ്ധനായ പേര് ? **കുതിരവട്ടം പപ്പു.**
9. ബഷീറിന്റെ എടിയേ….. എന്ന ആത്മകഥ എഴുതിയതാര്? **ഫാബി ബഷീർ**
10. ബഷീറിന് കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് ലഭിച്ച വർഷം? **1970ൽ**
11. ആകാശമിഠായി കഥാപാത്രമാകുന്ന ബഷീറിന്റെ നോവൽ? **പ്രേമലേഖനം**
12. വെളിച്ചത്തിനെന്തൊരു വെളിച്ചം എന്ന പ്രയോഗം ബഷീറിന്റെ ഏതു കൃതിയിലാണുള്ളത്? **ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്.**
13. ബഷീർ രചിച്ച ഏകാംഗ നാടകം ഏത്? **കഥാബീജം.**
14. ആത്മകഥാപരമായ ബഷീർ കൃതി ഏത് ? **ഓർമ്മയുടെ അറകൾ**
15. ബഷീറിന് ആദ്യമായി ജയിൽവാസം ലഭിച്ച സ്വാതന്ത്ര്യസമരം ഏത്? **1930ലെ കോഴിക്കോട് ഉപ്പുസത്യഗ്രഹം**
16. ബഷീറിനു ലഭിച്ച ഏറ്റവും വലിയ ബഹുമതി? **1982ൽ പദ്മശ്രീ അവാർഡ്.**
17. സകലജീവികൾക്കും ഭൂമിയിൽ ഒരേ അവകാശമാണുള്ളത് എന്ന ആശയം ഉയർത്തിപ്പിടിക്കുന്ന ബഷീർ കൃതി? **ഭൂമിയുടെ അവകാശികൾ**.
18. ബഷീറിന്റെ ജൻമസ്ഥലമായ വൈക്കം തലയോലപ്പറമ്പ് ഏതു ജില്ലയിലാണ്? **കോട്ടയം**
19. ബഷീർ എഴുത്തും ജീവിതവും എന്ന ഗ്രന്ഥം രചിച്ചതാര്? **ഇ. എം. അഷറഫ്**
20. ബഷീറിന്റെ നീലവെളിച്ചം എന്ന കൃതിയുടെ ചലച്ചിത്രാവിഷ്കാരം. **ഭാർഗ്ഗവീനിലയം**
21. മരിക്കുന്നതിനു മുമ്പ് മരത്തിനു വെള്ളമൊഴിച്ച മനുഷ്യന്റെ കഥ പറഞ്ഞ ബഷീറിന്റെ ചെറുകഥ **തേൻമാവ്.**
22. ബഷീറിന്റെ ഏതുകൃതിക്കാണ് പെണ്ണുങ്ങളുടെ ബുദ്ധി എന്ന മറ്റൊരു പേരു കൂടിയുള്ളത്? **പാത്തുമ്മയുടെ ആട്.**
23. ചോദ്യോത്തരങ്ങളുടെ മാതൃകയിൽ പ്രസിദ്ധീകരിച്ച ബഷീർ കൃതി? **നേരും നുണയും**
24. മതിലുകൾ എന്ന നോവൽ സിനിമയായി സംവിധാനം ചെയ്തത് ആര്? **അടൂർ ഗോപാലകൃഷ്ണൻ**
25. വൈക്കം മുഹമ്മദ് ബഷീർ മരിച്ചത് എന്ന്? **1994 ജൂലൈ 5**

തയാറാക്കിയത്
നിത്യ എ ക്ലാസ്സ് 9

**സാങ്കേതികവിദ്യാകാലത്തെ സാഹിത്യം**



സാഹിത്യത്തിന്റെ ചരിത്രവഴികൾക്ക് എഴുത്തിന്റെ ചരിത്രവഴിയോളം നീളവും വിസ്തീർണവും ഉണ്ട്. സാങ്കേതിക വിദ്യാകാലത്തെ സാഹിത്യത്തെ തേടുന്നതിന് മുന്നെ എഴുത്തിന്റെ വഴിയിലേക്ക് ഒരെത്തിനോട്ടം ആകാമെന്നു തോന്നുന്നു.

5000 ബി സിയോടടുത്ത് പടിഞ്ഞാറൻ ഏഷ്യയിൽ വളർന്നുവന്ന ആദ്യ നഗരങ്ങളിലെ ജനതയുടെ ജീവിതം എഴുത്തുവിദ്യയുടെ വികാസത്തിനും അതുവഴി വിജ്ഞാനശേഖരണപ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു. കളിമൺ ടാബ്ലറ്റുകളിൽ നിന്നും സുമേറിയൻ, അക്കാഡിയൻ, അരാമെക് ഭാഷകളിലേക്കും ക്യൂണിഫോം ലിപിയിലേക്കും അതു വളർന്നു.

ഇരുമ്പുയുഗത്തിൽ സ്ഥാപിക്കപ്പെട്ട അസീരിയൻ സാമ്രാജ്യത്തിലെ അവസാനത്തെ ഭരണാധികാരി അസ്സർബാനിപാൻ തന്റെ തലസ്ഥാനനഗരത്തിൽ ഒരു ഗ്രന്ഥശാല സ്ഥാപിച്ച് ചരിത്രം, ഇതിഹാസങ്ങൾ, ജ്യോതിഷം, ശകുനസാഹിത്യം, ശ്ലോകങ്ങൾ എന്നിവയുടെ ഫലകങ്ങൾ ശേഖരിച്ചുവച്ചിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു.

കളിമണ്ണിലും കല്ലിലും വരയുന്നതിന്റെ ബുദ്ധിമുട്ട്, പുതിയൊരു മാധ്യമത്തിന്റെ അന്വേഷണം, ഇത് കടലാസ്സിന്റെ കണ്ടുപിടുത്തതിലേക്കു നയിച്ചു. ഇത് എഴുത്തിന്റെ ചരിത്രത്തിലെ നിർണായക വഴിത്തിരിവായി. നൈൽ നദിക്കരയിലും പലസ്തീനിലുമൊക്കെ സമൃദ്ധമായി വളർന്നു നിന്നിരുന്ന പാപ്പിറസ് ചെടിയുടെ തണ്ടിൽ നിന്നും എഴുതാനുള്ള നേർത്ത പാളികൾ പൊളിച്ചെടുത്ത് താളുകളായി യോജിപ്പിച്ച് മനുഷ്യൻ എഴുതി. പാപ്പിറസ്സിൽ നിന്നും പേപ്പർ എന്ന പദം പിറവിയെടുത്തു. പാപ്പിറസിന്റെ ക്ഷാമം പാർച്ച്മെന്റുകൾക്ക്(മൃഗത്തോൽ) വഴിയൊരുക്കി. ഇന്നത്തെ

രൂപത്തിലുള്ള പേപ്പർ പിറവിയെടുത്തത് ചൈനയിലാണ്. എന്നാൽ ആദ്യത്തെ അച്ചടിയുടെ അവകാശം ജപ്പാൻകാർക്കാണ്.

ഇന്ത്യയിൽ ഇലകളായിരുന്നു ആദ്യത്തെ കടലാസ്. പനയോല മിനുക്കി നാരായം കൊണ്ട് എഴുതിയ നാം കടലാസ്സ് ഉപയോഗിച്ചത് 12 ാം നൂറ്റാണ്ടിലാണ്. എഴുതാനുള്ള കടലാസിനൊപ്പം എഴുത്തുപകരണങ്ങളും വികസിച്ചുവന്നു. പുൽത്തണ്ടുകളും, പക്ഷിത്തുവലുകളും, തൂലികയാക്കിയ മനുഷ്യർ പെൻസിലിലേക്കും പേനയിലേക്കും വളർന്നു. മനുഷ്യഭാവനയ്ക്ക് ആറാടാൻ എഴുത്തിന്റെ മഹാസാഗരം ഒരുങ്ങുകയായിരുന്നു.

ലിപികൾ ഉപയോഗിക്കുന്ന ഭാഷകളിൽ സാഹിത്യരചനകൾ ഉണ്ടായി. ഇതു ഗ്രന്ഥശാലകളുടെ ആവിർഭാവത്തിനു കാരണമായി. എഴുത്തും എഴുത്തുകാരനും ആദരിക്കപ്പെട്ടിരുന്ന പുരാതനയുഗത്തിൽ ഗ്രന്ഥങ്ങൾ ആരാധനാലയങ്ങളിലാണത്രെ സൂക്ഷിച്ചിരുന്നത്. അച്ചടിവിദ്യയുടെ വരവ് സാഹിത്യത്തിനും സാഹിത്യരചനയ്ക്കും സുവർണകാലമൊരുക്കി.

മുൻപ് എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം സ്വയം പ്രകാശിതമാകാൻ ഇടങ്ങൾ കുറവായിരുന്നു. ഏത് എഴുത്തുകാരനും തന്റെ കൃതിയിൽ ഒരു എഡിറ്ററുടെ കത്രിക വയ്ക്കലിനെ ഭയപ്പെട്ടിരുന്നു. സമൂഹത്തിൽ എഴുത്തുകാർ എന്നു സ്ഥാപിക്കപ്പെട്ടവരുടെ രചനകൾ മാത്രം വെളിച്ചം കണ്ടപ്പോൾ എഴുത്തിൽ നല്ലതും അല്ലാത്തതും എന്ന ചിന്ത വായനക്കാരന്റെ ഉള്ളിൽ വളർന്നു. പ്രസിദ്ധീകരിക്കാനുള്ള ഇടങ്ങൾക്ക് ദാരിദ്ര്യം അനുഭവപ്പെട്ടപ്പോൾ ചിന്താധാരകൾ പലതും ഒറ്റയൊറ്റ ചാലുകളായി മാത്രം ഒഴുകി. എഴുതാൻ ഉള്ള സ്ഫുലിംഗങ്ങൾ മനസ്സിലുള്ളവന്റെ പോലും ആദ്യചുവടുകൾ ഇടറിയതോടെ അവരിലെ തീപ്പൊരികൾ എക്കാലത്തേക്കുമായി അണഞ്ഞുപോകുന്നതിനും കാലം സാക്ഷ്യം വഹിച്ചു.

തികച്ചും വ്യക്ത്യധിഷ്ഠിതമായിരുന്ന ഭാഷാസാഹിത്യം മാധ്യമങ്ങളുടെ വരവോടെ പുതിയ മാനങ്ങൾ കൈക്കൊണ്ടു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വിവരസാങ്കേതിക വിപ്ലവകാലഘട്ടത്തിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും പരിണാമങ്ങളിൽ മുഖ്യപങ്കു വഹിക്കുന്നത് സൈബർ മാധ്യമങ്ങളാണ്.

പ്രപഞ്ചത്തിന്റെ അഞ്ചാം മാനമായി 'തപൻ ഭട്ടാചാര്യ' വിവക്ഷിക്കുന്ന സൈബറിടത്തിലെ ഇടപെടലുകൾ മറ്റ് മാധ്യമങ്ങൾക്ക് ലഭിക്കാത്ത സ്വാതന്ത്ര്യവും പങ്കാളിത്തവും സ്വത്വബോധവും സാധ്യമാക്കുന്നു. സൈബർ മാധ്യമത്തിന്റെ വരവ് സമൂഹ മാധ്യമമെന്ന സങ്കൽപ്പത്തിന്റെ രൂപകൽപനയിലും, തുടർന്ന് വ്യക്ത്യധിഷ്ഠിതമായിരുന്ന ഭാഷാസാഹിത്യ വ്യവഹാരങ്ങളെപ്പോലും സമൂഹവത്കരിക്കുക എന്ന വിപ്ലവകരമായ മാറ്റത്തിനും തുടക്കം കുറിക്കുകയാണുണ്ടായത്.

സൈബർ മാധ്യമങ്ങൾക്കു മുൻപേയുള്ള കാലഘട്ടത്തിലും പ്രമേയ അവതരണത്തിൽ വ്യത്യസ്തതകൾ മലയാള സാഹിത്യം കാണിച്ചിരുന്നെങ്കിലും പ്രസാധനരംഗത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സൈബർ മാധ്യമവിപ്ലവം അടിസ്ഥാനശിലകളിൽ തന്നെയാണ് മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നത്. 1990 വരെ പ്രസാധക കേന്ദ്രീകൃതമായി നിന്ന ഒരു ശാഖയെ വ്യത്യസ്തമായ ഒരു ദിശയിലേക്ക് നയിക്കുകയും, വ്യക്തിയേയും സമൂഹത്തെയും വേർതിരിച്ച് അഭിസംബോധന ചെയ്യാൻ കഴിയുന്ന ഭാഷാപരമായ സ്വയം പര്യാപ്തതയുടെ തലങ്ങളിലേക്ക് സൈബർ മാധ്യമങ്ങൾ നമ്മളെ കൈപിടിച്ച് നടത്തിക്കുകയും ചെയ്യുന്നു. അച്ചടി, ശ്രാവ്യ, ദൃശ്യ മാധ്യമങ്ങളൊന്നടങ്കം ഇന്റർനെറ്റ് സൃഷ്ടിച്ച അപാരമായ ഇടപെടൽ സാധ്യതകൾ തുറന്നിട്ട് സ്വയം നവീകരിക്കുകയും പ്രതിനിധാനപരമായി ബഹുജനമാധ്യമകാലം (ഞൗഹശേ ങലറശമ അഴല) എന്നു വിളിക്കാവുന്ന ഒരവസ്ഥയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. എഡിറ്ററുടെ കത്രിക വയ്ക്കലില്ലാതെ തുറന്നുകിട്ടിയ ഇടങ്ങൾ അതിവിശാലമാണ്. നവമാധ്യമങ്ങളായ വാട്സ് ആപ്പ്, ഫേയ്സ് ബുക്ക്, ബ്ലോഗുകൾ, ഇൻസ്റ്റഗ്രാം, ട്വിറ്റർ, പോലുള്ള സാമൂഹ്യ മാധ്യമങ്ങൾ, ഓൺലൈൻ മാസികകൾ, വെബ് മാഗസിനുകൾ, വെബ് പോർട്ടലുകൾപോലുള്ള ഇടങ്ങളും സാഹിത്യത്തിനും സാഹിത്യകാരൻമാർക്കും അനന്തവിഹായസ്സ് വാഗ്ദാനം ചെയ്തിരിക്കുന്നു.

ലോകത്തിലെ വിവിധ ഭാഗങ്ങളിലെ സംസ്കാരങ്ങളുടെ വിനിമയവും കൂടിച്ചേരലും വഴി രൂപപ്പെട്ട ആഗോള സംസ്കാരത്തെ പ്രായോഗികമാക്കിയത് നവമാധ്യമങ്ങളാണ്.

വ്യക്തിയുടെ സ്വകാര്യ മാധ്യമം എന്ന നിലയ്ക്കാണ് ഇന്റർനെറ്റ് മൊബൈൽ എന്നിവ പ്രചാരം നേടിയത്. നവമാധ്യമങ്ങൾ ഭാവുകത്വത്തിൽ സൃഷ്ടിച്ച സ്വാധീനമാണ് പുതിയ സാഹിത്യം മാധ്യമപ്രമേയപരമായി മാറുന്നതിനു കാരണമായത്. നവമാധ്യമ സംസ്കാരം പ്രകടിപ്പിക്കുന്ന സാഹിത്യത്തിന്റെ ഭാഷമലയാളത്തോടൊപ്പം ഇംഗ്ലീഷും കൂടിക്കലർന്ന സങ്കരഭാഷയാണ്.

മാധ്യമകേന്ദ്രീകൃത സാഹിത്യഭാഷ നവമാധ്യമ സാങ്കേതിക സംജ്ഞകളെ ഉൾക്കൊള്ളുന്നതാണ്. ഹൈപർ ടെക്സ്റ്റ് ഫിക്ഷൻ, ഇന്ററാക്ടീവ് ഫിക്ഷൻ, സെൽഫോൺ ലിറ്ററെച്ചർ എന്നിവയൊക്കെ നവമാധ്യമങ്ങളിലൂടെ വളരുന്ന സാഹിത്യഭാവനയ്ക്ക് ഉദാഹരണമാണ്. ജെന്റർ വിന്റഴ്സൺ 2001ൽ രചിച്ച 'ദി പവർബുക്ക്' സാഹിത്യ ഭാവുകത്വത്തിന്റെ ലക്ഷണമൊത്ത ആദ്യകാല നോവലുകളിൽ ഒന്നായി പരിഗണിക്കപ്പെടുന്നു. ഇന്ത്യയിലെ ആദ്യ സെൽ നോവൽ എന്നറിയപ്പെടുന്നത് 2009ൽ പിങ്കി ഇറാനി രചിച്ച 'ഡെഫ്ഹെവൻ' ആണ്

സാമൂഹികവും രാഷ്ട്രീയവും സംഘടനാപരവുമായ കൂട്ടായ്മകളിൽനിന്നും തികച്ചും ഒറ്റപ്പെടുന്ന വ്യക്തിയുടെ ആത്മസംഘർഷങ്ങളുടെ അവിഷ്കാരമെന്ന് നവമാധ്യമസാഹിത്യത്തെ വിലയിരുത്താം. മാധ്യമലോകത്തിന്റെ സ്പന്ദനങ്ങൾ മലയാള സാഹിത്യത്തിനും അനുപേക്ഷണീയമാണ് എന്ന വസ്തുത മാധ്യമപശ്ചാത്തലപരമായും പ്രതിനിധാനപരമായും രൂപപ്പെടുന്ന സാഹിത്യം പ്രഖ്യാപിക്കുന്നു. മലയാള സാഹിത്യം സൈബർ ഇടങ്ങളിലേക്ക് കുടിയേറിത്തുടങ്ങിയിട്ട് അധികവർഷങ്ങളായിട്ടില്ല. മലയാള അക്ഷരങ്ങൾ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടു തന്നെയായിരുന്നു ആദ്യമാദ്യം ഉണ്ടായ വെല്ലുവിളികൾ. പിന്നീട് മലയാളം യൂണികോഡിന്റെ വരവ് മലയാളത്തിന്റെ സൈബർ എഴുത്തിൽ ഒരു വലിയ കുതിപ്പു തന്നെയുണ്ടാക്കി

2000 നുശേഷം രചിക്കപ്പെട്ടിട്ടുള്ള മലയാളസാഹിത്യത്തിൽ നവമാധ്യമങ്ങളുടെ സ്വാധീനം അഭേദ്യമാണ്. പ്രതീതി ലോകങ്ങളും ഇ മെയിൽ വ്യവഹാരങ്ങളും എസ് എം എസ് സന്ദേശങ്ങളും സമകാലിക ജീവിതത്തിന്റെ സ്പന്ദനങ്ങളാകുമ്പോൾ സ്വാഭാവികമായും അത് സാഹിത്യത്തെയും കാന്തികശക്തിയോടെ ആകർഷിക്കുന്നു.

സൈബർ സാങ്കേതിക വിദ്യയുടെ കടന്നുവരവ് മേതിൽ രാധാകൃഷ്ണന്റെ 'സൂര്യവംശം' എന്ന നോവലിൽ പ്രകടമാണ്. എം മുകുന്ദന്റെ 'നൃത്തം' എന്ന നോവൽ മലയാളത്തിന് അപരിചിതമായിരുന്ന സൈബർ സ്ഥല/ കാലങ്ങൾ സാഹിത്യത്തിൽ ഇടം കണ്ടെത്തുന്നതിന്റെ തുടക്കം കൂടിയായി മാറി. സി വി ബാലകൃഷ്ണന്റെ 'ദിശ',എൻ പ്രഭാകരന്റെ 'ബഹുവചനം' എന്നീ നോവലുകളിൽ ഇന്റർനെറ്റിന്റെ സാങ്കേതികത കടന്നുവരുന്നുണ്ട്. സേതുവിന്റെ 'അടയാളങ്ങൾ' 'കിളിമൊഴികൾക്കപ്പുറം' എന്നീ നോവലുകൾ സൈബർകാലത്തിലെ ജീവിതം അടയാളപ്പെടുത്തുന്നവയാണ്.

മലയാളകവിതയിലും സൈബർകാലത്തിന്റെയും സൈബർ ബിംബങ്ങളുടെയും പ്രതിഫലനം അടയാളപ്പെടുത്തുന്നുണ്ട്. മനോജ് കൂറൂരിന്റെ 'കോമ' എന്ന സമാഹാരത്തിലെ 'ചാറ്റ് റൂം' എന്ന കവിത ഇതിന് ഉദാഹരണമാണ്. സച്ചിദാനന്ദന്റെ 'അധി ഭൗതികം' എന്ന കവിതയും സൈബർ ലോകത്തിന്റെ ഇടങ്ങളെ പരിചയപ്പെടുത്തുന്നു.

അച്ചടിച്ച് ഇറങ്ങുന്ന കൃതികളിൽ സൈബർ ലോകം പ്രതിനിധാനം ചെയ്യുന്നവ ഉണ്ടായിരുന്നതുപോലെ മലയാളം എഴുത്തിനും പ്രസാധനം ചെയ്യുന്നതിനും സൈബർ ലോകത്ത് ഇടം തേടുന്നതും നാമിന്ന് കാണുന്നു. കവിത എന്ന സാഹിത്യരൂപത്ത്യിന്റെ പ്രകാശന മാധ്യമായി ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ മാറിയിട്ടുണ്ട്. സൈബർ തലത്തിൽ മാത്രം വ്യവഹരിക്കപ്പെടുന്ന കവിതയെന്നാണ് ഇ–കവിത എന്നതുകൊണ്ട് അർഥമാക്കുന്നത്. ബ്ലോഗുകളിലൂടെയും വെബ്സൈറ്റുകളിലൂടെയും മലയാള കവിത ശക്തമായ തിരിച്ചുവരവ് നടത്തുന്ന ഒരു ഘട്ടം കൂടിയാണിത്. മഷിത്തണ്ട് പോലുള്ള ഇ കവിതാസമാഹരങ്ങൾ ഇതിനു സാക്ഷ്യപത്രങ്ങളാണ്.

കമ്പ്യൂട്ടർ സാങ്കേതികതയെ മാറ്റിനിർത്തി ഇന്ന് സാഹിത്യത്തെ നിർവചിക്കാൻ കഴിയില്ല എന്നു വന്നിരിക്കുന്നു. രചനകൾ നവമാധ്യമങ്ങളിൽ വൈറലായി മാറുന്നു. രാജശ്രീ ആർ രചിച്ച 'കല്യാണി എന്നും ദാക്ഷായണി എന്നും പേരുള്ള രണ്ടു സ്ത്രീകളുടെ കഥ' എന്ന നോവൽ പിറന്നത് സൈബർ ഇടത്തിലാണ്.

സൈബർസാഹിത്യലോകത്ത് ഏറെ ചർച്ചചെയ്യപ്പെടുന്ന എച്ച്മുക്കുട്ടി എഴുതുന്ന ആത്മകഥയും സൈബർ സാഹിത്യത്തിന്റെ സംഭാവനയാണ്. ഇങ്ങനെ നിരവധി സാധ്യതകൾ നമുക്ക് ഇവിടം തുറന്നു തരുന്നു.


മുഖ്യധാരാ സാഹിത്യവും സൈബർ സാഹിത്യവും പരസ്പര പൂരകങ്ങൾ തന്നെയാണ്. ഒന്ന് ഒന്നിനെ ശാക്തീകരിക്കുക തന്നെയാണ് ചെയ്യുന്നത്. അങ്ങിനെയാണ് വേണ്ടതും. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. ടെക്നോളജിയിൽ വന്ന മാറ്റങ്ങൾ പ്രിന്റിംഗ് രംഗത്തെ വളരെ സഹായിക്കുക തന്നെ ചെയ്തിട്ടുണ്ട്.

ലഭിക്കുവാൻ വളരെ പ്രയാസമുള്ള പല മലയാള ക്ലാസ്സിക്കുകളും ഇന്ന് ഓൺലൈനായി ലഭ്യമാണ്. പുസ്തകങ്ങളുടെ അമരത്വത്തിലേക്കു തന്നെയാണ് ഇതു വിരൽ ചൂണ്ടുന്നത്. ആമസോൺ പ്രിന്റ് ഓൺ ഡിമാന്റ് വഴി ആവശ്യമുള്ള പുസ്തകങ്ങൾ നമുക്ക് ഓർഡർ ചെയ്യാവുന്നതാണ് ഇതൊക്കെ ടെക്നോളജി മുഖ്യധാര സാഹിത്യത്തെ ശാക്തീകരിക്കുന്നു എന്നതിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ്. സൈബർ സാഹിത്യത്തിന് ചില പോരായ്മകളുമുണ്ട്. സൈബർ സാഹിത്യത്തിന്റെ നേർക്കുള്ള ഏറ്റവും വലിയ ആരോപണം അതിന്റെ ഗുണനിലവാരത്തെക്കുറിച്ചാണ്. എഴുത്തിനും പ്രസിദ്ധീകരണത്തിനും ഇടയിൽ ഒരു എഡിറ്റർ ഇല്ല തന്നെ ചിലപ്പോൾ പ്രശ്നമാണ്. എന്നാൽ വളരെ കുറച്ചു കൃതികൾ ഇതിനെ അതിജീവിക്കുന്നു. നവമാധ്യമങ്ങൾ ഇന്നൊരു സാമൂഹിക യാഥാർഥ്യമാണ്. അതൊഴിവാക്കിക്കൊണ്ട് നടക്കാൻ ഇന്ന് എഴുത്തുകാരനും വായനക്കാരനും കഴിയില്ല. അതിനെ അടച്ചാക്ഷേപിക്കുകയോ കണ്ണുമടച്ച് പുകഴ്ത്തുകയോ ചെയ്യാതെ സ്വയം ശുദ്ധീകരിക്കാനും നവീകരിക്കാനും ഉള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്.

നബീൽ നവാസ്

ക്ലാസ്സ് 10


അഭയ് ജോസഫ്



**എന്റെ വായന**

**സിദ്ധാർത്ഥ (നോവൽ) ഹെർമ്മൻ ഹെസ്സെ**

**വിവർത്തനം: ആർ രാമൻ നായർ**




ആറു വർഷങ്ങൾക്കു മുമ്പ് ഇതുപോലൊരു മധ്യവേനലവധിക്കാലത്താണ് സിദ്ധാർത്ഥ കൈയിലെത്തുന്നത്. സാഹിത്യത്തിനുള്ള നോബേൽ സമ്മാനം ലഭിച്ച വിഖ്യാത ജർമ്മൻ നോവലിസ്റ്റായ ഹെർമ്മൻ ഹെസ്സെയുടെ ഏറ്റവും പ്രസിദ്ധമായ കൃതിയാണ് സിദ്ധാർത്ഥ. ഭാരതീയ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട പാശ്ചാത്യ നോവലായ സിദ്ധാർത്ഥ ഇന്ത്യൻ ആധ്യാത്മിക ദർശനങ്ങളെ വിമർശനാത്മകമായി നോക്കിക്കാണുന്ന കൃതിയാണ്. ക്രമാനുഗതമായി ജീവിതത്തിന്റെ പല തട്ടുകളിലൂടെ കടന്നു ചെന്ന് ആത്മസാക്ഷാത്കാരം നേടുന്നു ഇതിൽ കഥാനായകനായ സിദ്ധാർത്ഥൻ. മനസ്സിന്റെ തലത്തിൽ നിന്നും ശരീരത്തിന്റെ തലത്തിലേക്കും പിന്നീട് ആത്മാവിന്റെ തലങ്ങളിലേക്കും പോകുന്ന സിദ്ധാർത്ഥന്റെ കഥ. രണ്ടു ഭാഗങ്ങളുള്ള നോവലിൽ പന്ത്രണ്ട് അധ്യായങ്ങളുണ്ട്.

കഥ നടക്കുന്നത് പ്രാചീന ഭാരതത്തിലാണ്. സിദ്ധാർത്ഥനും കളിക്കൂട്ടുകാരനായ ഗോവിന്ദനും ഒന്നിച്ചാണ് ഗുരുകുലത്തിൽ പഠിക്കുന്നതും വ്രതാനുഷ്ഠാനങ്ങളിൽ ഏർപ്പെടുന്നതും. അവർ മാതാപിതാക്കൾക്കു ഏറെ പ്രിയപ്പെട്ടവരും. യൗവ്വനത്തിൽ സിദ്ധാർത്ഥനും ഗോവിന്ദനും ആധ്യാത്മിക ജ്ഞാനോദയം തേടി വീടുപേക്ഷിച്ച് യാത്രയാകുന്നു. അവർ ശ്രമണ സന്യാസികളായിത്തീരുന്നു. ഉപവസിച്ചും കഠിനമായി ധ്യാനിച്ചും ലൗകിക സുഖങ്ങൾ ത്യജിച്ചും ജീവിക്കുന്ന അവർ ഒരിക്കൽ ശ്രീബുദ്ധന്റെ

പ്രഭാഷണം കേൾക്കുന്നു. കഥയിൽ ശ്രീബുദ്ധനെ നോവലിസ്റ്റ് ഗൗതമൻ എന്ന പേരിലാണ് അവതരിപ്പിക്കുന്നത്. ഇരുവരും ഗൗതമന്റെ പ്രഭാഷണം ശ്രവിച്ചു. ഗോവിന്ദൻ ആ ഉപദേശങ്ങളിൽ ആകൃഷ്ടനായി ബുദ്ധമാർഗ്ഗം സ്വീകരിച്ചു. സിദ്ധാർത്ഥൻ സാക്ഷാൽ ശ്രീബുദ്ധനുമായി നേരിട്ടു സംവദിക്കുന്നു. എന്നാൽ ഗൗതമന്റെ ഉപദേശങ്ങളിൽ പൂർണ്ണതൃപ്തനാവാതെ സിദ്ധാർത്ഥൻ അദ്ദേഹത്തിന്റെ അനുവാദത്തോടെ അവിടം വിട്ട് യാത്രയാകുന്നു.

തന്റെ അന്വേഷണങ്ങളുമായി സിദ്ധാർത്ഥൻ യാത്ര തുടർന്നു. യാത്രയ്ക്കിടയിൽ ഒരു നദിക്കരയിൽ എത്തി. അവിടെ സിദ്ധാർത്ഥൻ ഒരു കടത്തുകാരനെ കാണുന്നു. രാവിൽ അയാളുടെ പുൽക്കുടിലിൽ കിടന്നുറങ്ങി. പകൽ അയാൾ സിദ്ധാർത്ഥനെ നദികടത്തി വിടുന്നു. കടത്തുകാരനു പ്രതിഫലം നൽകാനാകതെ കുഴങ്ങിയ സിദ്ധാർത്ഥനോട് അയാൾ പറഞ്ഞു; ‘‘പ്രതിഫലമോ സമ്മാനമോ ഒന്നും ഞാൻ നിങ്ങളിൽ നിന്നും പ്രതീക്ഷിച്ചില്ല. അത് നിങ്ങളെനിക്ക് മറ്റെപ്പോഴെങ്കിലും തന്നേക്കും. ഈ നദിയിൽ നിന്നുകൂടി ഞാനതാണ് പഠിച്ചത്’’ അവർ യാത്ര പറഞ്ഞു പിരിഞ്ഞു.

സിദ്ധാർത്ഥൻ തന്റെ യാത്ര തുടർന്നു. അയാൾ ഒരു വലിയ പട്ടണത്തിലെത്തി. അവിടെ അയാൾ കമല എന്ന ദേവദാസിയെ കണ്ടുമുട്ടുന്നു. അവളുടെ സൗന്ദര്യത്തിൽ അയാൾ ആകൃഷ്ടനാകുന്നു. എന്നാൽ തനിക്ക് ഒരാളെ സ്വീകാര്യനാകണമെങ്കിൽ അയാൾക്ക് വിലകൂടിയ വസ്ത്രങ്ങളും നല്ല പാദുകങ്ങളും മടിശ്ശീല നിറയെ പണവും തനിക്ക് നൽകാൻ പാരിതോഷികങ്ങളും ഉണ്ടാകണം എന്ന് കമല സിദ്ധാർത്ഥനെ അറിയിക്കുന്നു. കമല അയാളെ പട്ടണത്തിലെ ഏറ്റവും ധനികനായ കാമസ്വാമി എന്നയാളുടെ അടുക്കലേക്ക് അയക്കുന്നു. അയാൾക്ക് സമനായി നിന്നുകൊണ്ട് കച്ചവടം ചെയ്ത് സിദ്ധാർത്ഥൻ അധികം വൈകാതെ വലിയ ധനവാനായി തീർന്നു കമല അയാളെ സ്വീകരിച്ചു. വളരെക്കാലം സിദ്ധാർത്ഥൻ ലൗകിക ജീവിതത്തിൽ മുഴുകിക്കഴിഞ്ഞു. ചൂതുകളിയുടെ സുഖവും ആകുലതകളും അയാൾ അറിഞ്ഞു. സിദ്ധാർത്ഥൻ മധ്യവയസ്സിലെത്തി. അയാൾക്ക് തന്റെ ലൗകിക ജീവിതത്തോടുള്ള അഭിനിവേശം ഇല്ലാതായി. അങ്ങനെ സിദ്ധാർത്ഥൻ ഒരു രാത്രിയിൽ തന്റെ സുഖങ്ങളും സമ്പത്തും ഉപേക്ഷിച്ച് യാത്രയായി.

അയാൾ നടന്നുനടന്നു കാട്ടിലെ ആ വലിയ നദിയുടെ കരയിലെത്തി. നദിയിൽ തന്റെ മുഖം പ്രതിബിംബിച്ചു കണ്ട സിദ്ധാർത്ഥനു തന്നോടു തന്നെ അറപ്പു തോന്നി. അയാൾ മരണം ആഗ്രഹിച്ചു. അയാൾക്ക് ഉള്ളിൽ അപ്പോൾ ഓങ്കാരനാദം ഉയർന്നു. ഓങ്കാരം ജപിച്ച് അയാൾ നദിക്കരയിലെ കേരവൃക്ഷത്തിനു ചുവട്ടിലിരുന്ന് ഗാഢമായി ഉറങ്ങി. ഉണർന്നെണീറ്റ സിദ്ധാർത്ഥൻ തന്നിൽത്തന്നെ പുതിയൊരു മനുഷ്യനെ തിരിച്ചറിഞ്ഞ് അത്ഭുതപ്പെടുന്നു. അദ്ദേഹം ഉണർന്നപ്പോൾ മഞ്ഞവസ്ത്രം ധരിച്ച, ശിരസ്സ്

മുണ്ഡനം ചെയ്ത ഒരു സന്യാസി തനിക്കെതിരെ ഇരിക്കുന്നതു കാണുന്നു. സിദ്ധാർത്ഥന്റെ ഉറക്കത്തിൽ അയാൾക്ക് ആ നദിക്കരയിൽ അപകടമൊന്നും വരാതിരിക്കാൻ കാവലിരുന്ന സന്യാസി തന്റെ കളിക്കൂട്ടുകാരനായ ഗോവിന്ദനാണെന്ന് സിദ്ധാർത്ഥൻ തിരിച്ചറിയുന്നു. എന്നാൽ സിദ്ധാർത്ഥനെ തിരിച്ചറിയാൻ കഴിയാതിരുന്ന ഗോവിന്ദന് അതൊരു അത്ഭുതമായിരുന്നു. സിദ്ധാർത്ഥനെ വണങ്ങി ആ സന്യാസി യാത്രയായി.

സിദ്ധാർത്ഥൻ അത്യധികമായ സന്തോഷത്തോടെ ഇഷ്ടത്തോടെ നദിയെ നോക്കി. തന്റെ ശിഷ്ടജീവിതം ഈ നദിക്കരയിൽ കഴിച്ചുകൂട്ടാൻ അയാൾ നിശ്ചയിച്ചു. നദിക്കരയിൽ അയാൾ പണ്ട് തന്നെ നദിക്കടത്തിയ കടത്തുകാരനെ കാണുന്നു. വാസുദേവൻ എന്നാണ് തന്റെ നാമധേയം എന്നു പരിചയപ്പെടുത്തിയ കടത്തുകാരൻ സിദ്ധാർത്ഥനെ വളരെ സന്തോഷത്തോടെ തന്റെ വീട്ടിലേക്കു ക്ഷണിച്ചു. അയാൾ സിദ്ധാർത്ഥനു റൊട്ടിയും വെള്ളവും മാമ്പഴവും നൽകി. സിദ്ധാർത്ഥൻ അയാളോട് തന്റെ ജനനം മുതൽ ഈ നിമിഷം അയാളെ കാണും വരെയുള്ള ജീവിതകഥ പറയുന്നു. നദിക്കരയിൽ തനിക്കുണ്ടായ വിസ്മയകരമായ അനുഭവവും അയാളെ അറിയിക്കുന്നു. വാസുദേവൻ സന്തോഷത്തോടെ സിദ്ധാർത്ഥനെ അറിയിക്കുന്നു; ''നദി നിങ്ങളോടു സംസാരിച്ചു. അതിന് നിങ്ങളോടും പ്രേമമുണ്ട്'' സിദ്ധാർത്ഥൻ വളരെ ആഹ്ലാദത്തോടെ ആ ക്ഷണം സ്വീകരിച്ചു. അവിടെ നദി സിദ്ധാർത്ഥനു മുന്നിൽ, തന്നെ ശ്രവിക്കുന്നവർക്കു പകരുന്ന അവാച്യമായ സത്യം വെളിപ്പെടുത്തുന്നു.

പ്രകാശപൂർണ്ണമായ മുഖമുള്ള ആ രണ്ടു കടത്തുകാരെക്കുറിച്ച് ആളുകൾക്കിടയിൽ പല കിംവദന്തികളും പരന്നു. ഇതിനിടെ ഗൗതമബുദ്ധന്റെ ആസന്നമായ മരണവാർത്തയറിഞ്ഞ് ശ്രമണൻമാർ അദ്ദേഹത്തിന്റെ അടുക്കലേക്ക് യാത്ര തിരിക്കുന്നുണ്ടായിരുന്നു. നിരവധിയാളുകകൾ ബുദ്ധനെ കാണാനായി ആ നദി കടന്നു പോയി. അക്കൂട്ടത്തിൽ ദേവദാസികളിൽ സുന്ദരിയായ കമലയുമുണ്ടായിരുന്നു. അവൾ ബുദ്ധന്റെ തത്ത്വങ്ങളിൽ അഭയം തേടിയിരുന്നു. തന്റെ ഏകമകനേയും കൊണ്ട് എളിയ വസ്ത്രങ്ങൾ ധരിച്ച് യാത്ര ചെയ്ത അവരും നദിക്കരയിലെത്തി. എന്നാൽ തന്റെ അമ്മയുടെ യാത്രോദ്ദേശ്യത്തിന്റെ മഹത്വം തിരിച്ചറിയാൻ കഴിയാതിരുന്ന കൊച്ചു സിദ്ധാർത്ഥൻ വഴിയിലുടനീളം അമ്മയോടു കലഹിച്ചും വാശിപിടിച്ചും കണ്ണീരുപൊഴിച്ചും കമലയെ ബുദ്ധിമുട്ടിച്ചു. നദിക്കരയിൽ ഒരു കൊച്ചു കരിനാഗം കമലയെ കൊത്തുന്നു. ഓടി കടവിനടുത്തെത്തുമ്പോഴേക്കും കമല കുഴഞ്ഞു വീണു അവളും മകനും സഹായത്തിനായി അലറിവിളിച്ചു കരഞ്ഞു. വാസുദേവൻ അവരെ തന്റെ വീട്ടിലേക്കു കൊണ്ടുവരുന്നു. സിദ്ധാർത്ഥൻ അവളെ തിരിച്ചറിഞ്ഞു കമല അവിടെ വച്ച് മരണപ്പെടുന്നു. കമലയുടെ ഒപ്പമുണ്ടായിരുന്ന ബാലൻ തന്റെ മകൻ ആണെന്ന് സിദ്ധാർത്ഥൻ അറിയുന്നു. സിദ്ധാർത്ഥന്റെ മകൻ ഒരിക്കലും അയാളെ അനുസരിക്കാൻ

തയ്യാറാവുന്നില്ല. ആ ബാലൻ സുഖസൗകര്യങ്ങളുടെ ലോകത്ത് ലാളിച്ചു വഷളാക്കപ്പെട്ടവനായിരുന്നു. അവന്റെ മനസ്സിലേക്ക് തന്റെ സ്നേഹമെത്തിക്കാനുള്ള സിദ്ധാർത്ഥന്റെ എല്ലാ ശ്രമങ്ങളേയും തട്ടിത്തകർത്തുകൊണ്ട് അവൻ വളർന്നു. അവനെ സ്നേഹം കൊണ്ടു കീഴ്പ്പെടുത്താനുള്ള എല്ലാ ഉദ്യമങ്ങൾക്കും വിരാമമിട്ടുകൊണ്ട് ആ ബാലൻ ഒരു ദിവസം അപ്രത്യക്ഷനായി.

മകന്റെ വേർപാട് സൃഷ്ടിച്ച മുറിവ് ഏറെക്കാലം സിദ്ധാർത്ഥന്റെ മനസ്സിനെ നീറ്റി. അയാൾ മകനെ തിരഞ്ഞു പുറപ്പെട്ടു എന്നാൽ നദി അയാളെ പിന്തിരിപ്പിച്ചു. തിരികെ വൃദ്ധനായ വാസുദേവന്റെ സമീപമെത്തിയ സിദ്ധാർത്ഥൻ അയാളോടു സംസാരിച്ചു. എല്ലാം കേട്ടുകഴിഞ്ഞ അയാൾ സിദ്ധാർത്ഥനെ വീണ്ടും നദിയെ ശ്രവിക്കാൻ ക്ഷണിച്ചു. സിദ്ധാർത്ഥൻ നദിയുടെ ശബ്ദത്തോടൊപ്പം അതിൽ ചിത്രങ്ങളും കണ്ടു ഒടുവിൽ അയാളുടെ മനസ്സു ആ പുഴയുടെ ഐക്യത്തിൽ ലയിച്ചു. അയാളുടെ വേദന വിട്ടുമാറി സിദ്ധാർത്ഥൻ ശാന്തനായി. വാസുദേവൻ സിദ്ധാർത്ഥനോടു യാത്രപറഞ്ഞ് കാട്ടിലേക്കു യാത്രയായി.

കാലങ്ങൾ മുന്നോട്ടുപോയി കടത്തുകാരനായ ഒരു ജ്ഞാനിയെക്കുറിച്ച് കേട്ടറിഞ്ഞ് ബുദ്ധഭിക്ഷുവായ ഗോവിന്ദൻ ഒരിക്കൽ അയാളെ സന്ദർശിക്കുന്നു വൃദ്ധനായ അയാൾക്ക് അതു തന്റെ കൂട്ടുകാരനായ സിദ്ധാർത്ഥനാണെന്നു മനസ്സിലാകുന്നില്ല. അയാളോടു സിദ്ധാർത്ഥൻ പറയുന്നു; ‘‘അറിവു പകർന്നുകൊടുക്കാൻ കഴിയും. എന്നാൽ യഥാർത്ഥ ജ്ഞാനം പകർന്നു കൊടുക്കാനാകില്ല. ഒരാൾക്ക് ജ്ഞാനം കണ്ടെത്താം, രക്ഷാകവചമാക്കാം. പക്ഷെ അത് പകർന്നുകൊടുക്കാനും പഠിപ്പിക്കനുമാകില്ല.’’ എന്നാൽ ഗോവിന്ദന് ഇതു വ്യക്തമാകുന്നില്ല ഒടുവിൽ സിദ്ധാർത്ഥന്റെ നിർദ്ദേശപ്രകാരം അയാളുടെ നെറ്റിയിൽ ചുംബിക്കുന്ന അവസരത്തിൽ ഗോവിന്ദന് എല്ലാ സത്യങ്ങളും വെളിവാകുന്നു. അത്യധികമായ വിശുദ്ധിയോടെ അയാൾ സിദ്ധാർത്ഥന്റെ മുന്നിൽ വീണ് സാഷ്ടാംഗം പ്രണമിച്ചു.

നോവൽ ഇവിടെ അവസാനിക്കുന്നു. സിദ്ധാർത്ഥ എന്ന കൃതി നമുക്ക് രണ്ടു ദർശനങ്ങളാണ് കാട്ടിത്തരുന്നത്. ജീവിതത്തോടുള്ള സമീപനത്തിന്റെ രണ്ട് മഹത്തായ മാതൃകകൾ. രണ്ട് ബുദ്ധൻമാരുടെ കഥ. പൗരസ്ത്യ മാതൃകയായ ഗൗതമബുദ്ധന്റെയും ഹെസ്സെയുടെ തന്നെ ലക്ഷ്യമായ പാശ്ചാത്യസംസ്കാരത്തിനു സാധ്യമായ സിദ്ധാർത്ഥന്റെയും കഥ. ബുദ്ധന്റെ ലക്ഷ്യം നിർവാണമാണ്. എന്നാൽ സിദ്ധാർത്ഥന്റേത് ക്ഷണികങ്ങളായ ദുഃഖങ്ങളോടുകൂടിയുള്ള ജീവിതം തന്നെയാണ്. മനുഷ്യന്റെയും അവനു സാധ്യമായ പൂർണ്ണതയുടെയും ഒരു ചിത്രമാണ് സിദ്ധാർത്ഥ. മനുഷ്യനിലും ജീവിതത്തിലും വിശ്വാസമർപ്പിക്കുന്ന മഹത്തായ ഒരു ദർശനമാണത്.

സ്മിത അരവിന്ദ്

# കൊച്ചനിയത്തി

എനിക്കുണ്ടൊരു കൊച്ചനിയത്തി

എന്റെ എല്ലാം കൊച്ചനിയത്തി

ഒരിക്കൽ കൂട്ടുകാരിയാണെങ്കിൽ ചിലപ്പോൾ എൻ മകളും

പാഠശാലയിൽ നിന്ന് മുറ്റത്തെത്തുമ്പോൾ

ഓടിവന്നൊരുമ്മ തരുമെൻ കൊച്ചനിയത്തി.

ഞാൻ ഒന്നു വിതുമ്പിയാൽ

പ്രകാശമായ കണ്ണുകൾ

കാർമേഘം പോൽ നിറഞ്ഞ്

മഴത്തുള്ളികൾ വീഴും പോൽ വിതുമ്പും.

ഞാൻ ഒന്നു ചിരിച്ചാൽ

കവിളിൽ പുഞ്ചിരിച്ചു കൊണ്ടു നിറയും

ഓടിവീണ വീഴ്ചയിൽ

കൈകോർത്തു താങ്ങിയെൻ കൊച്ചനിയത്തി

വിശന്നിരിക്കുമ്പോൾ

അവളുടെ ശബ്ദം മതിയെൻ വയറു നിറയാൻ

അവൾ പുഞ്ചിരിയോ?

സ്നേഹമോ? അതോ മാലാഖയോ?

അവളാണെൻ കൊച്ചനൊയത്തി

എൻ അനിയത്തി

ആൻ റബേക്ക പി ജെ ക്ലാസ്സ് 7

പ്രണവ് സി എം



# കൃതജ്ഞത

ഇലയനക്കങ്ങൾ എന്ന ഈ കൊച്ചു മാസിക ഞങ്ങളുടെ ആദ്യത്തെ സംരഭമാണ്. തുടക്കക്കാരുടെതായ എല്ലാ ന്യൂനതകളും ഈ രചനകളിലും മാസികയിലും കാണും. വായിക്കുക. തിരുത്തുക. പ്രോത്സാഹിപ്പിക്കുക. അനുഗ്രഹിക്കുക.

ഈ സംരഭത്തിൽ സഹായികളായി മാറിയ എല്ലാവരെയും നന്ദി അറിയിച്ചുകൊണ്ട് ഞങ്ങൾ അഭിമാനത്തോടെ സമർപ്പിക്കുകയാണ് ഈ മാസിക.